തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, കുറെക്കാല മായി സംബന്ധിക പ്രതിസന്ധിയിൽ കഴിയുന്നതാണല്ലോ പുനലൂർ പേപ്പർ മിൽ. അവരുടെ കടക്കാരായ ഐ. സി. ഐ. സി. ഐ. അവർക്ക് കിട്ടാനുള്ള ഒരു വമ്പിച്ച എമൗണ്ടിനുവേണ്ടി മഹാരാഷ്ട്ര ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും, ആ കോടതിയിൽ നിന്ന് കമ്പനിയിലേക്ക് റിസീവറെ നിയമിക്കുകയും ചെയ്തു. ആ കമ്പനി ഇന്ന് റിസീവറുടെ കസ്റ്റഡിയിലാണ്. അവർ ആദ്യം ചെയ്തത് ജോലിക്കാരുടെയൊക്കെ സർവ്വീസ് ടെർമിനേറ്റ് ചെയ്യുകയെന്നുള്ളതാണ്. ആ വിധിയിൻമേൽ മാനേജ്മെൻറ് അപ്പീൽ ബോധിപ്പിച്ചു. ആ അപ്പീലിൽ യൂണിയനുകളും കക്ഷി ചേർന്നു. അതിനെത്തുടർന്ന് ആദ്യത്തെ വിധി ഭേദപ്പെടുത്തി ചില നിയന്ത്രണങ്ങൾക്ക വിധേയമായ ചില പ്രത്യേകമായിട്ടുള്ള കണ്ടിഷന്റെ അടിസ്ഥാനത്തിൽ ഈ മാനേജ്മെൻറ് തന്നെ ഇത് നടത്തുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടായി അതിന്റെ അടിസ്ഥാനത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ് വിളിച്ചുകൂട്ടിയ കോൺഫറൻസിന്റെ അടിസ്ഥാനത്തിൽ അത് നടന്നു വരുകയായിരുന്നു. അപ്പോൾ ഇത്ര ലക്ഷം രൂപ വീതം മാസം കെട്ടിവയ്ക്കണമെന്നെല്ലാമുള്ള വ്യവസ്ഥയുണ്ട്. അത് ലംഘിച്ചിട്ടാണോ, എന്ത് അടിസ്ഥാനത്തിലാണോ ഇപ്പോൾ ലോക്കൗട്ട് നടത്തുന്നത് എന്നുള്ളത് നോക്കേണ്ട കാര്യമാണ്. അങ്ങനെയിരിക്കെയാണ് ലോക്കൗട്ട് ഉണ്ടായിരിക്കുന്നത്. അങ്ങനെ കോടതിയുടെ കൈവശം ഇരിക്കുന്നതും കടം കൊടുത്തു തീർക്കാനുമുള്ള ഈ പരിതഃസ്ഥിതിയിൽ ഗവൺമെൻറിന് എന്ത് മാത്രം ഇടപെടാം, ഗവൺമെൻറിന് അത് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ളതെല്ലാം വിശദമായ നിയമ പരിശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്. യൂണിയനുകളുടെ പരാതി കിട്ടുന്ന മുറയ്ക്ക് ഇത്തരം കാര്യങ്ങൾക്ക് ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

9. ചേർത്തല മാക്ഡവൽ കമ്പനിയിലെ മലിനജലം

ശ്രീ. എ. വി. താമരാക്ഷൻ: സർ, വിദേശമദ്യം നിർമ്മിക്കുന്ന ചേർത്തല യിലുള്ള മാക്ഡവൽ കമ്പനിയിൽ നിന്നും വിഷാംശം കലർന്ന ജലവും മറ്റ് മാലിന്യങ്ങളും വേമ്പനാട് കായലിലേക്ക് ഒഴുക്കിവിടുന്നതിന്റെ ഫലമായി വേമ്പനാട്ട് കായലിൽ മൽസ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ നിത്യപട്ടിണിയിലാണ്. ആ മാക്ഡവൽ കമ്പനിയിൽ ഈ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ഒരു സംവിധാനവുമില്ല. വിഷാംശം കലർന്ന ഈ മലിനജലം കായലിലേക്ക് ഒഴുക്കിവിടുന്നതിന്റെ ഫലമായി കായലിലുള്ള മത്സ്യം ചത്തുപോകുകയാണ്. എന്നു മാത്രമല്ല, കക്കാവാരിയും മീൻപിടിച്ചും കഴിയുന്ന തൊഴിലാളികളുടെ കാഴ്ചയും ശ്രവണശക്തിയും നഷ്ടപ്പെട്ടും പല തരത്തിലുള്ള സ്കിൻ ഡിസീസിനും വിധേയരായും തൊഴിലാളികൾ ബുദ്ധിമുട്ടുകയാണ്. നിരവധി പ്രാവശ്യം ഈ വെള്ളം ശുദ്ധീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ സമരം നടത്തി; നിവേദനങ്ങൾ കൊടുത്തു. എന്നാൽ അവിടെ വരുന്ന ഉദ്യോഗസ്ഥൻമാർ എല്ലാം വിദേശമദ്യം ഉല്പാദിപ്പിക്കുന്ന ഒരു സ്ഥാപനമായതുകൊണ്ട് ആ സ്ഥാപനത്തിന്റെ കാവല്ക്കാരായി മാറുന്ന സ്ഥിതിയാണ് ഉള്ളത്. ഈ നിലയിൽ അശരണരായ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് മീൻപിടിക്കുന്നതിനുവേണ്ടി അടിയന്തിരമായ നടപടി സംസ്ഥാന ഗവൺമെൻറ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് കേരള സംസ്ഥാന മലിനജല നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവർ കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തോടുകൂടി ജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 1980-ൽ അതിന് കല്പന കൊടുത്തിരുന്നതാണ്. 1985 ഡിസംബറിൽ അതിന്റെ പണി പൂർത്തിയാക്കേണ്ടതായിരുന്നു. ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ട് കൃത്യ സമയത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും ശുദ്ധീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാനും ബോർഡിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

10. ചെറുകുന്ന് പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീമതി പി. ദേവകി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചെറുകുന്ന് പഞ്ചായത്ത് മുഴുവനും ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ്. അവിടെ ശുദ്ധജലം കിട്ടാൻ വളരെയേറെ പ്രയാസമാണ്. എന്നാൽ ഈ കഴിഞ്ഞ വരൾച്ചക്കാലത്ത് സാമൂഹ്യ പ്രവർത്തകരും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും പഞ്ചായത്തും ഒത്തുചേർന്നുകൊണ്ട് ജനങ്ങൾക്ക് ശുദ്ധജലം കൊടുക്കുന്നതിനുള്ള, ശുദ്ധജലം കിട്ടുന്ന സ്ഥലം പരിശോധിക്കുകയും, പഞ്ചായത്തിന്റെ സർവ്വേനമ്പർ 350/6 ഭൂമിയിൽ 7 മീറ്റർ ചുറ്റളവിൽ ഒരു വലിയ കിണർ കുഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ കിണറിന് പമ്പ് ഹൗസ്, ടാങ്ക് മുതലായവ സ്ഥാപിച്ചാൽ ആ പ്രദേശങ്ങളിലുള്ള ആറാളം പ്രദേശങ്ങളിൽ ശുദ്ധജലം കൊടുക്കാനുള്ള കഴിവ് ഈ കിണറിനുണ്ട്. അതുകൊണ്ട് ഈ കിണർ ഗവൺമെന്റ് ഏറ്റെടുക്കുകയും, പമ്പ് ഹൗസ് അടക്കം ഉണ്ടാക്കി ശുദ്ധജലം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ കുഴൽ കിണർ ഏറ്റെടുത്ത് പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ അതോറിറ്റി തയ്യാറാണ്. പക്ഷേ ഒരു പ്രശ്നമുണ്ട്. വേനൽക്കാലത്ത് ഉപ്പുവെള്ളമായിരിക്കുമോ എന്ന് ഒരു സംശയമുണ്ട്. ഉപ്പുവെള്ളമാണ് വരുന്നതെങ്കിൽ നമുക്ക് അത് കൊടുക്കാനൊക്കുകയില്ല. ഉപ്പുരസമില്ലാതെ വെള്ളം കിട്ടുമെന്നുണ്ടെങ്കിൽ അത് ഏറ്റെടുക്കാം. പക്ഷേ അതോടുകൂടി ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നാട്ടുകാർ എല്ലാവരുംകൂടി കുഴിപ്പിച്ചതായതുകൊണ്ട് തീർച്ചയായിട്ടും നിങ്ങളുടെ കൂടെ സഹകരണം ഇത് ഏറ്റെടുക്കുന്ന കാര്യത്തിലുണ്ടെങ്കിൽ നല്ലത്. അതോറിറ്റി തന്നെ അത് നിർവ്വഹിക്കാം.

11. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ പണി

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ പെരുമ്പിലാവ്, പരപ്പ്, കടങ്ങോട് പാറപ്പുറം റോഡ് ടെണ്ടർ കഴിഞ്ഞ് ഒന്നര കൊല്ലമായി കിടക്കുകയാണ്. ടെണ്ടർ ഉറപ്പിച്ച് കുറച്ച് കല്ലുകൾ അന്ന് കൂട്ടിയതൊഴിച്ചാൽ അവിടെ യാതൊരു പണിയും നടക്കുന്നില്ല. ഈ റോഡ് പഞ്ചായത്ത് റോഡായിരുന്ന കാലത്തുതന്നെ അഞ്ചാറ് ബസ്സുകൾ ഓടുന്ന ഒരു പ്രധാനപ്പെട്ട റോഡായിരുന്നു. ഏറ്റവും ചെറിയ റോഡാണ്. 16 ലക്ഷത്തോളം രൂപയ്ക്ക് ചെലവുവരുന്നുള്ളു. അതുകൊണ്ട് ഏറ്റവും വിഷമകരമായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly